LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലയോര വികസന ഏജൻസിമുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ താഴെക്കൊടുത്തിരിക്കുന്നു :

1. ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം

2. പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതികൾ

3. മലയോര റോഡുകളുടെ പുനരുദ്ധാരണം

4. നബാർഡ് ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ

5. കൃഷി വികസന പ്രവൃത്തികൾ

6. സഹ്യശ്രീ സ്വയം സഹായ പദ്ധതി

7. പ്രകൃതി വിഭവ പരിപാലന പദ്ധതി

8. കുളം നവീകരണ പ്രവൃത്തികൾ

(ബി.&സി) നടപ്പുസാമ്പത്തിക വർഷത്തിലേക്കുള്ള പ്രവൃത്തികളുടെ തെരഞ്ഞെടുപ്പ് സ്ക്രീനിംഗ് കമ്മിറ്റി നടത്തിവരുന്നതേയുള്ളൂ.

കൊല്ലം ജില്ലയിൽ പി.എം.ജി.എസ്.വൈ. പദ്ധതി

12 (4047) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി..എസ്.വൈ. പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾ റീ-ടെൻഡർ നടപടികൾക്കായി പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) റീ-ടെൻഡർ നടപടികൾക്കായി പ്രസ്തുത പ്രവൃത്തികൾ എന്നുമുതൽ പരിഗണനയിൽ വന്നിരുന്നു ;

(സി) റീ-ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ സാധ്യതയുണ്ടോ ; ഇല്ലാത്തപക്ഷം പ്രസ്തുത പ്രവൃത്തികളിന്മേലുള്ള നടപടികൾ ടെർമിനേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽപ്പെടുന്ന പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള 4 റോഡുകൾ റീ-ടെണ്ടർ നടപടികൾക്കായി പരിഗണനയിലുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുത്തിരിക്കുന്നു. വെട്ടിക്കവല ബ്ലോക്കിലെ പ്രവൃത്തികൾ ടെണ്ടർ പരിഗണനയിലില്ല.

ബ്ലോക്ക്	ഗ്രാമപഞ്ചായത്ത്	പ്രവൃത്തിയുടെ പേര്
കൊട്ടാരക്കര	പൂയപ്പള്ളി	നാൽക്കവല-മീയണ്ണൂർ-കോളമത്ത് റോഡ്
കൊട്ടാരക്കര	വെളിയം	മുള്ളമ്പാറ-കടവട്ടൂർ റോഡ്
കൊട്ടാരക്കര	എഴുകോൺ	ഇരുമ്പനങ്ങാട്-തുണ്ടിൽ കോളനി റോഡ്
കൊട്ടാരക്കര	പൂയപ്പള്ളി	ഓട്ടുമല-ഓട്ടുമല റോഡ്

(ബി) കൊട്ടാരക്കര ബ്ലോക്കിലെ 3 പ്രവൃത്തികളും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാതിരുന്നതുമൂലം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ നടപടികൾ ആരംഭിച്ചിരുന്നതാണ്. ടി പ്രവൃത്തികൾ 13-2-2015, 12-3-2015, 21-5-2015 എന്നീ തീയതികളിൽ ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. ഓട്ടുമല-ഓട്ടുമല കോളനി റോഡ് 31-7-2013 മുതൽ 6 തവണ ടെണ്ടർ ചെയ്തിട്ടുണ്ട്. കരാറുകാർ ആരും ടെണ്ടർ സമർപ്പിക്കാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് LMR 2013 നിരക്കിൽ റിവൈസ് ചെയ്ത് 18-9-2014 മുതൽ വീണ്ടും 5 തവണ ടെണ്ടർ ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല.

(സി) റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ടി പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ എസ്റ്റിമേറ്റ് പരിശോധിച്ച് എന്തെങ്കിലും അപാകത ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അരുർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

13 (4048) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
859/2017.

LIBRARY ARCHIVES Kerala Legislative Assembly